PWD-D2/2451/17/PWD

# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4940** **22.05.2017-ൽ മറുപടിക്ക്**

## ഒട്ടുവള്ളിത്തട്ട്- നടുവിൽ- കുടിയാൻമല റോഡ് ടെൻഡർ

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**

(എ) സി.ആർ.എഫ്.സ്കീമിൽ അനുമതി ലഭിച്ച ഒട്ടുവള്ളിത്തട്ട്- നടുവിൽ - കുടിയാൻമല റോഡ് ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയോ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) സി.ആർ.എഫ്.സ്കീമിൽ അനുമതി ലഭിച്ച ഒട്ടുവള്ളിത്തട്ട്- നടുവിൽ - കുടിയാൻമല റോഡ് ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയില്ല.

(ബി) ഈ പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ 2015 - 16 സാമ്പത്തിക വർഷത്തിലെ ലാഭ നഷ്ട കണക്കുകളുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ രണ്ടാമത്തെ ഏറ്റവും കുറഞ്ഞ ടെൻഡർ പ്രൊപ്പോസൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ദേശീയപാതാവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ഇതിന്മേൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് യോഗ്യതയുണ്ടെങ്കിൽ ടിയാന്റെ ടെണ്ടർ പരിഗണിക്കുവാനും അല്ലാത്ത പക്ഷം റീടെണ്ടർ ചെയ്യുവാനുമുള്ള നിർദ്ദേശം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകുകയുണ്ടായി. എന്നാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഹൈക്കോടതി വിധി പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി ധനകാര്യ, നിയമ വകുപ്പുകളുമായി ആലോചിച്ച് ഫയൽ പരിശോധിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡിൽ ഉൾപ്പെടുത്തി ഹിൽഹൈവേ സ്കീമിൽ പ്രവൃത്തി നടക്കുന്ന നടുവിൽ ഷാപ്പ് കവല മുതൽ വേങ്കുന്ന് കവല വരെയുള്ള ഭാഗം ഒഴിവാക്കി വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ | (സി) | പ്രസ്തുത റോഡിൽ ഉൾപ്പെടുത്തി ഹിൽ ഹൈവേ സ്കീമിൽ പ്രവൃത്തി നടക്കുന്ന നടുവിൽ ഷാപ്പ് കവല മുതൽ വേങ്കുന്ന് കവല വരെയുള്ള ഭാഗം ഒഴിവാക്കി വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി-യിട്ടില്ല. നിലവിൽ പ്രവൃത്തി ചെയ്യുമ്പോൾ പ്രസ്തുത സ്ഥലം ഒഴിവാക്കിയേ ചെയ്യുകയുള്ളൂ. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | കോടതി വ്യവഹാരത്തിന് അന്തിമ തീർപ്പുണ്ടാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

S. Brinda

സെക്ഷൻ ഓഫീസർ